ഡോക്ടർ ബാബു വിജയ്നാഥ് കമ്മീഷൻ

*414 [436] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ—സാമൂഹ്യവികസനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർ ബാബു വിജയ്നാഥ് കമ്മീഷനെ എന്നാണ് നിയോഗിച്ചത്;

(ബി) എന്തെല്ലാം കാര്യങ്ങളാണ് കമ്മീഷന്റെ പ്രവർത്തനപരിധിയിൽ വരുന്നത്;

(സി) ഈ കമ്മീഷന്റെ കാലാവധി എന്നുവരെയാണ്;

(ഡി) ആ കാലാവധി തീരുന്ന മുറയ്ക്ക് കമ്മീഷൻ ഇതിന്റെ റിപ്പോർട്ട് സമർപ്പിക്കുമോ?

ഹരിജനക്ഷേമ സാമൂഹ്യവികസന വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) 30-5-1978-ൽ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചു. 1-8-1976-ൽ കമ്മീഷൻ നിലവിൽ വന്നു.

(ബി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് അനുബന്ധമായി ചേർത്തിരിക്കുന്നു.‡

(സി) 31-8-1978 വരെ.

(ഡി) കാലാവധി തീരുന്ന മുറയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഹരിജൻ കുട്ടികളുടെ വിദ്യാഭ്യാസം

*415 [437] ശ്രീ. പി. ശങ്കർ:

ശ്രീ. എം. കെ. കേശവൻ:

ശ്രീ സി. എ. കുര്യൻ:

ശ്രീ. ഇ. കെ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ—സാമൂഹ്യവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജനങ്ങളായ ഹൈറേഞ്ചിലെ തോട്ടം തൊഴിലാളികളുടെ കുട്ടികൾക്ക് തമിഴ്നാട്ടിൽ പോയി പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞ് ഉന്നത വിദ്യാഭ്യാസത്തിന് കേരളത്തിൽവന്നു പഠിച്ചാൽ ഹരിജനങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യം അവർക്ക് നിഷേധിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഹരിജൻ വിദ്യാർത്ഥികളെ ഹോസ്റ്റലുകളിൽനിന്നും പുറത്താക്കിയിട്ടുണ്ടോ?

ഹരിജനക്ഷേമ സാമൂഹ്യവികസന വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

‡ അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly